പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ - 89 02.12.2015 ൽ മറുപടിക്ക്

പാചകവാതക വിതരണ ശൃംഖലയിലെ തൊഴിൽ പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എം.ഷാജി.<br>ശ്രീ. സി.മമ്മൂട്ടി.<br>ശ്രീ. പി.കെ.ബഷീർ.<br>ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി. | ശ്രീ.ഷിബു ബേബി ജോൺ<br>ബഹു.തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി. |
| (എ) സംസ്ഥാനത്തെ പാചകവാതക വിതരണ ശൃംഖലയിൽ തുടരെ ഉണ്ടാകുന്ന തൊഴിൽ പ്രശ്നങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇവ പരിഹരിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ; | (എ) ഉണ്ട്. സ്റ്റേറ്റ് ഗവൺമെന്റിന്റെ അധികാര പരിധിയിൽ വരുന്ന തൊഴിൽ പ്രശ്നങ്ങൾ ശ്രദ്ധയിൽപെടുമ്പോൾ ബന്ധപ്പെട്ട അനുരഞ്ജന ഉദ്യോഗസ്ഥർ 1947 ലെ വ്യവസായ തൊഴിൽ തർക്ക നിയമ പ്രകാരം അനുരഞ്ജന ചർച്ചകൾ നടത്തുകയും ഒത്തുതീർപ്പിൽ എത്തിക്കാൻ ശ്രമിക്കുകയും ചെയ്യാറുണ്ട്. കൂടാതെ ജില്ലാ ഭരണകൂടവും യഥാസമയം പ്രശ്നത്തിൽ ഇടപെട്ട് പ്രശ്നപരിഹാരം കാണാറുണ്ട്. |
| (ബി) കയറ്റിറക്ക് തൊഴിലാളികൾ, ലോറിത്തൊഴിലാളികൾ, ഫില്ലിംഗ് തൊഴിലാളികൾ തുടങ്ങിയ വിഭാഗങ്ങൾ ഒറ്റതിരിഞ്ഞും, കൂട്ടായും ഉത്സവ സീസണുകളോടനുബന്ധിച്ച് പണിമുടക്കുന്നതു മൂലം പാചകവാതകം ലഭിക്കാതെ പൊതുജനങ്ങൾ കഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) പാചകവാതക വിതരണ മേഖലയിലെ മിന്നൽ പണിമുടക്കുകൾ നിത്യജീവിതത്തെ ബാധിക്കുന്നതായി കണ്ടെത്തിയതിനെ തുടർന്ന് ഈ മേഖലയിലെ വിവിധ വിഭാഗം തൊഴിലുകളെ 1994 - ലെ കേരള എസൻഷ്യൽ സർവീസസ് മെയിന്റനൻസ് ആക്റ്റിന്റെ പരിധിയിൽ വരുത്തി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ